(സി), (ഡി) ടി-റോഡ് പൊതുമരാമത്ത് (നാഷണൽ ഹൈവേ) വകുപ്പിന്റെ അധീനതയിലാണ്.

തൈക്കാട് ശ്മശാനത്തിലെ ജാതി തിരിച്ചുള്ള ശവസംസ്ക്കാരം

299 [474] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ തൈക്കാട് ശ്മശാനത്തിൽ ജാതി തിരിച്ചാണ് ശവസംസ്ക്കാരം നടത്തുന്നതെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജാതി തിരിച്ചുള്ള ശവസംസ്ക്കാരം നിർത്താൻ ഗവൺമെന്റ് നിർദ്ദേശം നൽകുമോ ;

(സി) ഇല്ലെങ്കിൽ കാരണങ്ങൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ജാതി തിരിച്ചുള്ള ശവസംസ്ക്കാരം അനുവദിച്ചിട്ടില്ല.

(ബി), (സി) 'എ' പിരിവിന്റെ അടിസ്ഥാനത്തിൽ ചോദ്യം പ്രസക്തമല്ല.

മഞ്ചേരി മുനിസിപ്പൽ കമ്മീഷണർ ആഫീസിൽ ഫയൽ കാണാതായത്

300 [475] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മുനിസിപ്പൽ കമ്മീഷണർ ആഫീസിലെ പി. എച്ച്. 7714/84-ാം നമ്പർ ഫയൽ ആഫീസിൽ കാണുന്നില്ലായെന്ന് അറിയുന്നത ശരിയാണോ ;

(ബി) ഈ ഫയൽ കാണാതായതിനെപ്പറ്റി അന്വേഷണം നടത്തുമോ ;

(സി) ഈ ഫയൽ കുന്നംകുളം കോടതിയിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നോ ?

ഉത്തരം

(എ) ശരിയാണ്.

(ബി) അടിയന്തിരമായി ഇതിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

(സി) ഇല്ല.

ചിറ്റാക്കോട് പുറമ്പോക്കു ഭൂമി

301 [476] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പഴുതൂർ പഞ്ചായത്തിൽപ്പെട്ട നെയ്യാറിൻകര പൂവാർ റോഡിൽ ചിറ്റാക്കോട് പി. ഡബ്ലിയു. ഡി. പുറമ്പോക്കു ഭൂമി (സർവ്വെ 186/1എ 187 ഐ. എ.) പഞ്ചായത്തിൽ പൊതു ആവശ്യത്തിനുവേണ്ടി വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 30-4-1981-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി റസല്യൂഷൻ പാസാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഏത് ആവശ്യത്തിനുവേണ്ടിയാണെന്ന് വ്യക്തമാക്കാമോ ;

(സി) മേൽ പറഞ്ഞ പുറമ്പോക്കു ഭൂമി പഞ്ചായത്ത് റസലൂഷൻ പാസാക്കി ആവശ്യപ്പെട്ടതിനുശേഷം ഗനയ്യാറിൻകര പി. ഡബ്ലിയു. ഡി. ആഫീസിലെ ഒരു ജീവനക്കാരന് പതിച്ചുകൊടുത്തകാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അക്കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ കർശനമായ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്തിന് ചന്ത നടത്തുന്നതിനുവേണ്ടി.

(സി) ഇല്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

വാടക നിയന്ത്രണ നിയമം

302 [477] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാടക നിയന്ത്രണനിയമം ഇപ്പോൾ എത്ര പഞ്ചായത്തുകളിൽ നിലവിലുണ്ട് ;

(ബി) ഇനി എത്ര പഞ്ചായത്തുകളിൽ ഏർപ്പെടുത്താനുണ്ട് ;

(സി) 1-5-1986-നകം എല്ലാ പഞ്ചായത്തുകളിലും വാടക നിയന്ത്രണ നിയമം നടപ്പിലാക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ഉത്തരം

(എ) 190 പഞ്ചായത്തുകളിൽ.

(ബി, സി) പഞ്ചായത്തുകളിൽ വാടകനിയന്ത്രണ ചട്ടം നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി എടുക്കുന്നതാണ്. അപ്രകാരം ആവശ്യപ്പെട്ട 41 പഞ്ചായത്തുകളുടെ കാര്യം പരിഗണനയിലുണ്ട്.

ഇന്ദിരാഗാന്ധി ചാരിറ്റബിൾ ഫൗണ്ടേഷൻ സംഭാവന

303 [478] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാഗാന്ധി ചാരിറ്റബിൾ ഫൗണ്ടേഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭാവന നൽകണമെന്ന് ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ ;

(ബി) ഈ ഉത്തരവു പ്രകാരം എത്ര സ്ഥാപനങ്ങൾ എത്ര സംഖ്യ ഫൗണ്ടേഷന് നൽകി ;

(സി) ഈ ഫൗണ്ടേഷന്റെ ചെയർമാൻ മന്ത്രിയുംപ്പെടുന്ന പാർട്ടിയുടെ ജില്ലാ നേതാവാണോ ;

LIBRARY ARCHIVES Kerala Legislative Assembly